# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. റ്റി 1500 — 13.07.2016 ൽ മറുപടിയ്ക്ക്

### പെട്രോൾ പമ്പുകളിലെ ജീവനക്കാരുടെ വേതനം

| ചോദ്യം<br>ശ്രീ. ജെയിംസ് മാത്യു | | ഉത്തരം<br>ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) സിവിൽ സപ്ലൈസ് കോർപ്പറേഷൻ നടത്തുന്ന പെട്രോൾ പമ്പിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | കോർപ്പറേഷൻ നടത്തുന്ന പെട്രോൾ പമ്പുകളുടെ പ്രവർത്തനം വിലയിരുത്താറുണ്ട്. വിൽപ്പനയുടെ അടിസ്ഥാനത്തിൽ എല്ലാ മാസവും പെട്രോൾ ബങ്കുകളുടെ പ്രവർത്തനം വിലയിരുത്തി വിൽപ്പന വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാറുണ്ട്. കൂടാതെ പെട്രോൾ ബങ്കുകളെക്കുറിച്ചുള്ള പരാതി ലഭിച്ചാൽ അത് ഉടൻ പരിഹരിച്ച് പെട്രോൾ പമ്പുകളുടെ പ്രവർത്തനം സുഗമമാക്കുന്നതിനുള്ള നടപടികളും സ്വീകരിക്കാറുണ്ട്. |
| (ബി) പ്രസ്തുത പമ്പുകളിലെ ജീവനക്കാർക്ക്, സർക്കാരിൽ ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവർക്ക് നൽകുന്ന വേതനത്തിന് തുല്യമായ തുക നൽകണമെന്ന് മനുഷ്യാവകാശ കമ്മീഷൻ ശുപാർശ നൽകിയിട്ടുണ്ടോ; | (ബി) യും (സി) യും | ഉണ്ട്. പ്രസ്തുത നിർദ്ദേശം സർക്കാർ പരിശോധിച്ചു വരുന്നു. |
| (സി) എങ്കിൽ പെട്രോൾ പമ്പുകളിലെ ജീവനക്കാർക്ക് മേൽസൂചിപ്പിച്ച പ്രകാരം വേതനം നൽകുന്നതിന് എന്തു നിലപാടാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ